# വെള്ളപ്പൊക്കം : ഗാന്ധിയുടെ കയ്യൊപ്പുള്ള പുസ്തകം

ഡോ. അനിൽ. കെ. എം

സാഹിത്യത്തിലെ പ്രധാനപ്പെട്ട പ്രവണതകളിലൊന്നാണ് ഡിസ്ടോപ്പിയ. യുട്ടോപ്പിയയുടെ വിപരീതപദമാണിത്. വായനക്കാരെ രസിപ്പിക്കുക എന്നതിലേറെ അവർ ജീവിക്കുന്ന ലോകം എത്രമാത്രം ജീർണ്ണിച്ചതാണെന്നും എത്ര ഘോരമായ തകർച്ചയേയാണ് അത് അഭിമുഖീകരിക്കുന്നതെന്നും ഒരു ഡിസ്ടോപ്പിയൻ രചന അവരെ ഓർമ്മിപ്പിക്കുന്നു. ആൾഡക്സ് ഹക്സ്ലിയുടേയും ജോർജ് ഓർവെലിന്റേയും രചനകൾ ഡിസ്ടോപ്പിയൻ രചനകളായി വിലയിരുത്താറുണ്ട്. ലോകമഹായുദ്ധങ്ങൾ, ജർമ്മനിയിലെ ഫാസിസം, സ്റ്റാലിനിസം, അതിസാങ്കേതിക വിദ്യയുടെ ആധിപത്യം എന്നിവയെല്ലാം ലോകത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായിത്തീരുമെന്ന ഭയത്തിൽനിന്നാണ് മേൽപ്പറഞ്ഞ എഴുത്തുകാരുടെ ഡിസ്ടോപ്പിയൻ രചനകളുണ്ടായത്. ജോനാഥൻ സ്വിഫ്റ്റിന്റെ ഗള്ളിവറുടെ ലില്ലിപ്പുട്ട് കാഴ്ചകൾ വാസ്തവത്തിൽ ഡിസ്ടോപ്പിയൻ രചനയുടെ ഒരാദ്യകാല രൂപമാണ്. 1868ൽ ജെ. എസ്. മിൽസ് എന്ന ചിന്തകനാണ് ഐർലാന്റിനെക്കുറിച്ചുകൊരു രാഷ്ട്രീയ പ്രഭാഷണത്തിൽ ഡിസ്ടോപ്പിയ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. കാര്യങ്ങൾ ആകെ വഷളായ ഒരു കൽപ്പിത സന്ദർഭമോ ദേശമോ ആണ് ഡെസ്ടോപ്പിയ എന്ന് നിഘണ്ടുവിൽക്കാണാം. ഡിസ്ടോപ്പിയ എന്നത് നിലവിലില്ലാത്ത ഒരു സമൂഹമാണ്. എന്നാൽ അത് നിലവിലുള്ളതിനേക്കാൾ മോശപ്പെട്ട ഒരു കൽപ്പിത ദേശമാണ്.

ഒരു ഇന്ത്യൻ ഡിസ്ടോപ്പിയൻ പ്രമേയമാണ് കെ. ടി. മുഹമ്മദിന്റെ വെള്ളപ്പൊക്കം കൈകാര്യം ചെയ്യുന്നത്. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള സൗഹൃദം ഇന്ത്യൻ ദേശീയജീവിതത്തിന്റെ പ്രാണവായുവാണ്. ഈ സൗഹൃദം കൂടെക്കൂടെ തകരുന്നതും വലിയ കലാപങ്ങൾക്ക് വഴിവെക്കുന്നതുമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തര ചരിത്രം. ഇത്രയധികം രക്തച്ചൊരിച്ചിലുണ്ടായ ഒരു സ്വാതന്ത്ര്യലബ്ധി ലോകത്ത് മറ്റെവിടെയെങ്കിലും നടന്നിട്ടുണ്ടോ എന്ന് സംശയമാണ്. എന്നാൽ ബാഹ്യശക്തിയുമായുള്ള ഏറ്റുമുട്ടലല്ല ഈ രക്തച്ചൊരിച്ചിലിന് വഴിയൊരുക്കിയത്. ആഭ്യന്തര കലാപമാണ് ഇത്രയേറെ ദേശവാസികളെ കൊന്നൊടുക്കിയത്. ഇന്ത്യാ വിഭജനത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. ഒളിപ്പിച്ചുവെച്ച ഒരു കത്തിയായി മതവർഗ്ഗീയത ഇന്ത്യൻ രാഷ്ട്രീയത്തിലും സാമൂഹ്യജീവിതത്തിലും എപ്പോഴും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ മതവർഗ്ഗീയത ഇന്ത്യൻ സാഹിത്യത്തിൽ എല്ലായ്പ്പോഴും പ്രമേയമായി കടന്നുവരുന്നുണ്ട്.

രണ്ടുതരം ഡിസ്ടോപ്പിയൻ രചനകളുള്ളതായി പറയാറുണ്ട്. അതിലൊന്ന് പ്രവചന സ്വഭാവമുള്ളതാണെങ്കിൽ മറ്റൊന്ന് അതില്ലാത്തതാണ്. കെ. ടി. യുടെ രചനക്ക് പ്രവചന

സ്വഭാവമുണ്ട്. വാസ്തവത്തിൽ കെ. ടി. യുടെ നാടകം പുറത്തുവരുന്ന കാലത്തേക്കാൾ നമ്മുടെ സമൂഹം സങ്കുചിതമായിത്തീർന്നിരിക്കുന്നു. ഇത്തിരിവട്ടത്തിലിരുന്ന് കാര്യങ്ങൾ കാണുന്നവരായി നാം മാറിയിരിക്കുന്നു. അന്യമതസ്തനെ ഉൻമൂലനം ചെയ്യാൻ മടിയില്ലാത്തവരുടെ എണ്ണം കൂടിവരിക തന്നെയാണ്. ചിന്തകൊണ്ട് മനുഷ്യർക്ക് ആത്മനവീകരണം സാധിക്കാതെ വരുമ്പോൾ പ്രകൃതി ദുരന്തത്തിന്റെ മുന്നിലെങ്കിലും അവർക്ക് കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുമോ എന്ന അവസാനത്തെ ചോദ്യമാണ് ഈ നാടകം ഉയർത്തുന്നത്. നിരാശയുടേയും ആത്മനിന്ദയുടേയും പടുകുഴിയിലാണ് നാടകകൃത്ത് അകപ്പെട്ടിരിക്കുന്നത്. എല്ലാ പ്രതീക്ഷകളും കൈവിട്ട് പോകുന്നതിന്റെ രോദനമാണ് വെള്ളപ്പൊക്കത്തിൽ മുഴങ്ങുന്നത്. ഈ കൊടിയ നിരാശയാണ് നാടകത്തെ ഒരു ഡിസ്ടോപ്പിയൻ രചനയാക്ക്ക്കുന്നത്.

ദുരന്തച്ഛവി കലർന്ന ഒരു ചിരി ഈ നാടകത്തിലുണ്ട്. വ്യാസന്റെ ചിരി എന്നതുപോലെ. മഹാഭാരത യുദ്ധം ജയിച്ചു കഴിഞ്ഞപ്പോൾ എന്താണ് അവശേഷിച്ചത്? ബന്ധുമിത്രാദികളുടേയും കൂടപ്പിറപ്പുകളുടേയും ജഡങ്ങളല്ലാതെ? മനുഷ്യന്റെ ഗർവ്വിനും മൽസരബുദ്ധിക്കും പാഠമാകട്ടെ എന്ന് കരുതിയാണ് മഹാഭാരതം എന്ന ദുരന്തകഥ വ്യാസൻ പറഞ്ഞത്. വെള്ളപ്പൊക്കത്തിലുമുണ്ട് ഈ ദാർശനിക ഹാസ്യം. മനുഷ്യരുണ്ടാക്കിയതെല്ലാം വെള്ളത്തിൽ താണുപോകുമ്പോൾ മതത്തിനുവേണ്ടി കലഹിക്കുന്നതിലെന്ത് കാര്യം എന്ന ചോദ്യമാണ് കെ. ടി. ഉയർത്തുന്നത്. ആ വീഴുന്നത് കണ്ടോ? ആ തകരുന്നത് കണ്ടോ? പള്ളികൾ, അമ്പലങ്ങൾ, ചർച്ചുകൾ. അതിനുള്ളിൽനിന്നും ദൈവങ്ങൾ അലറി നിലവിളിക്കുന്നു. ചെല്ല് ബാപ്പ അതിനുള്ളിൽനിന്ന് ദൈവങ്ങൾ അലറി നിലവിളിക്കുന്നു. ചെല്ല് ബാപ്പാ അതിനുള്ളിൽനിന്ന് നിങ്ങളുടെ ദൈവങ്ങളെ രക്ഷിക്കൂ. എന്ന ഉസ്മാന്റെ പരിഹാസത്തിലാണ് നാടകം അവസാനിക്കുന്നത്. ഒരു സുനാമിവന്നാൽ അഥവാ ഒരു ഭൂമി കുലുക്കം വന്നാൽ തീരാവുന്നതേയുള്ളൂ ഈ അഹന്തയും മൽസരവും. കെ. ടി. യുടെ നാടകം പ്രസിദ്ധീകരിക്കുന്ന സന്ദർഭത്തിൽ കേരളീയർക്ക് സുനാമി എന്ന ഒരനുഭവത്തെക്കുറിച്ച് അറിയുമായിരുന്നില്ല. കലിയിളകിയ പ്രകൃതി ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. സുനാമിയും ഓഖിയും മനുഷ്യരെ ആക്രമിച്ചത് അവരെ മതപരമായി വേർതിരിച്ചിട്ടല്ല. ഇത്തരം ദുരന്തങ്ങൾക്ക് മുന്നിലെങ്കിലും മനുഷ്യർക്ക് ഐക്യപ്പെടാൻ കഴിയണം. മനുഷ്യർ പ്രകൃതിയോട് യുക്തിരഹിതമായി പെരുമാറുമ്പോൾ ദുരന്തങ്ങളുണ്ടാകുന്നു. അതേവിധം യുക്തിരഹിതമായ ഒന്നാണ് വർഗ്ഗീയത. പ്രകൃതിയുമായുള്ള സഹവാസം അസാധ്യമാകുമ്പോൾ മനുഷ്യർക്കിടയിലെ സഹവാസവും അസാധ്യമാകുന്നു. വെള്ളപ്പൊക്കവും വർഗ്ഗീയതയും തമ്മിലുള്ള പാരസ്പര്യം ചിത്രീകരിച്ചതിലൂടെ പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ മാനങ്ങളുള്ള ഒന്നായി വെള്ളപ്പൊക്കം എന്ന നാടകം വികസിക്കുന്നു.

ഈ നാടകത്തിലെ കഥാപാത്രങ്ങൾക്ക് പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ല. എല്ലാവരും ചില ടൈപ്പുകളാണ്. തീവ്രമായ മതവർഗ്ഗീയതയുടെ വക്താക്കൾ, സക്രിയമായ മതനിരപേക്ഷതയുടെ വക്താക്കൾ, ഇതിനിടയിൽ നിൽക്കുന്നവർ എന്ന് ഇതിലെ കഥാപാത്രങ്ങളെ വേർതിരിക്കാം.

ഉസ്മാൻ സക്രിയ മതനിരപേക്ഷതയുടെ പ്രതിനിധിയാണെങ്കിൽ അവറാനും പരമേശ്വരനും തീവ്രവർഗ്ഗീയവാദികളാണ്. ഗോവിന്ദൻ ഇതിനിടയിൽ നിൽക്കുന്ന സന്ദിഗ്ദ്ധ കഥാപാത്രമാണ്. അവറാനും ഉസ്മാനും തമ്മിലുള്ള തർക്കം ഗോവിന്ദന്റെ നിലപാടിനെ മാറ്റുകയും അയാൾ കൂറേക്കൂടി ഉദാരമായ ഒരു നിലയിലേക്ക് കടന്നുവരികയും ചെയ്യുന്നു. കഥയുടെ പ്രമേയവും കഥാപാത്രങ്ങളുടെ സ്വഭാവവും പരിഗണിച്ചാൽ ഈ നാടകം ഒരന്യാപദേശമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. തീർത്തും സോദ്ദേശ്യപരമായ ഒരു നാടകമാണിത്. നാം ജീവിക്കുന്ന സന്ദർഭവുമായി ബന്ധമുള്ളതും വായനക്കാർക്ക് മുന്നറിയിപ്പു നൽകുന്നതുമായ ഡിസ്ടോപ്പിയൻ രചനകളുടെ എല്ലാ സവിശേഷതകളും വെള്ളപ്പൊക്കത്തിനുണ്ട്.

വാസ്തവത്തിൽ ഡിസ്ടോപ്പിയൻ പ്രദേശത്തിന് നരകവുമായി സാരൂപ്യമുണ്ട്. വെള്ളപ്പൊക്കം ബാധിച്ച ഗ്രാമം ഒരു നരകദേശമാണ്. വെറുപ്പ് നരകത്തേയും സ്നേഹം സ്വർഗ്ഗത്തേയും സൃഷ്ടിക്കുമെന്നതാണ് നാടകകൃത്തിന് നൽകാനുള്ള സന്ദേശം. പുണ്യം/പാപം എന്ന മതാത്മക ദ്വന്ദ്വത്തെ പക/സ്നേഹം എന്ന മതനിരപേക്ഷ ദ്വന്ദം കൊണ്ട് പകരം വെക്കുകയാണ് കെ. ടി. ചെയ്യുന്നത്. പകയുടേയും സ്നേഹത്തിന്റേയും ദ്വന്ദ്വാത്മക വൈരുദ്ധ്യത്തെ ഭ്രാന്തുകൊണ്ടാണ് നാടകകൃത്ത് സമീകരിക്കുന്നത്. ജാനകിയമ്മക്ക് വരുന്ന ഉൻമാദം ഇതിന്റെ ലക്ഷണമാണ്. ഉൻമാദത്തിന്റെ ഈ ലോകത്ത് മുസ്ലീമായ സുബൈദ ഹിന്ദുവായ സുനിതയായി മാറുന്നു. ഭ്രാന്ത് ഒരു കൽപ്പിത യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ അത് ഒരു യുട്ടോപ്പിയയാണ്. വെള്ളപ്പൊക്കം ഭൂമിയെ  അതിഭൗതിക ദേശമാക്കി മാറ്റുന്നു. അതേസമയം മതമൈത്രി ഒരു കൽപ്പനായാഥാർഥ്യമായി ഭൗതിക ലോകത്തെ തിരസ്ക്കരിക്കുകയും ചെയ്യുന്നു. മതഭ്രാന്തൻമാരെ സാമാന്യപാത്രങ്ങളായും മനുഷ്യസ്നേഹിയെ ഭ്രാന്തയായും ചിത്രീകരിക്കുന്നതിലൂടെ നാടകം കൂടുതൽ സംഘർഷഭരിതമാകുന്നു. ജാനകിയമ്മയുടെ ഭ്രാന്ത് ഒരേസമയം രോഗവും അതേസമയം ഔഷധവുമാണ്. സോക്രട്ടീസിന്റെ ഫാർമക്കോൺ പോലെയാണിത്. ഭ്രാന്തയായില്ലെങ്കിൽ ജാനകിയമ്മ കൊടിയ ദുഃഖത്തിൽപ്പെട്ട് തകർന്നടിഞ്ഞ് പോകുമായിരുന്നു. അതുകൊണ്ട് ഭ്രാന്ത് അവരെ മരണത്തിൽനിന്ന് രക്ഷിക്കുന്ന ഔഷധമായി പ്രവർത്തിക്കുന്നു. ജാനകിയമ്മ സുബൈദയെ സുനിതയായി മനസ്സിലാക്കുന്നത് യുക്തിരഹിതമായ പെരുമാറ്റമായി മറ്റുള്ളവർ വ്യാഖ്യാനിക്കുന്നു. വാസ്തവത്തിൽ സൂചക-സൂചിത ബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ് ഭാഷ. ഭാഷയിലാണ് യാഥാർത്ഥ്യങ്ങൾ നിർമ്മിക്കപ്പെടുന്നത്. ആയതിനാൽ സുനിതയും സുബൈദയും ഭാഷയിലെ യാഥാർത്ഥ്യങ്ങളാണ്. മതവും ഭാഷയാണ്. സൂചക-സൂചിത ബന്ധങ്ങളാൽ നിർമ്മിക്കപ്പെട്ട യാഥാർത്ഥ്യം തന്നെയാണത്. മതഭ്രാന്ത് എന്ന സമസ്തപദം, മതം+ഭ്രാന്ത് എന്ന് ഘടകപദങ്ങളായി വേർതിരിയുന്നതോടെ അവ ദ്വന്ദ്വവൈരുദ്ധ്യങ്ങളായി പ്രവർത്തിക്കുന്നു. മാത്രമല്ല മതം=രോഗം, ഭ്രാന്ത്=ഔഷധം എന്ന പുതിയ സൂചക-സൂചിത ബന്ധം ഇതുവഴി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മതഭ്രാന്ത് ഡിസ്ടോപ്പിയയാണെങ്കിൽ ഭ്രാന്ത് യുട്ടോപ്പിയയായിത്തീരുന്നു.

പ്രളയം മനുഷ്യഭാവനയിലെ ഏറ്റവും പ്രാചീനവും പ്രാഥമികവുമായ ആദിപ്രരൂപങ്ങളിലൊന്നാണ്. അശുഭദർശനത്തിന്റെ സൂചകമായി വെള്ളപ്പൊക്കം പുരാവൃത്തങ്ങളിൽ കടന്നുവരുന്നത് നോർത്രോപ്പ് ഫ്രൈ പറയുന്നുണ്ട്. എല്ലാ സമൂഹങ്ങളുടേയും പുരാവൃത്തങ്ങളിൽ പ്രളയത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. പഴയ നിയമത്തിലെ നോഹയുടെ പെട്ടകവും ഇന്ത്യൻ മിത്തുകളിലെ കൽപ്പാന്തവും സുമേറിയക്കാരുടെ എൻലിൽ ദേവന്റെ കോപവും തുടർന്നുള്ള പ്രളയവും എല്ലാം ഇക്കൂട്ടത്തിൽപ്പെടും. അമേരിക്കൻ ഫോക്‌ലോറിസ്റ്റായ അലൻ ഡന്റിസ് പ്രളയം പ്രമേയമായിവരുന്ന പുരാവൃത്തങ്ങളെക്കുറിച്ച് വിശദമായി പഠിച്ചിട്ടുണ്ട്. ലോകസംസ്ക്കാരങ്ങൾ പലതും മനുഷ്യന്റെ ഉൽപ്പത്തിയുമായി വെള്ളത്തെ ബന്ധിപ്പിക്കുന്നത് കാണാം. മറ്റ് ചിലതാകട്ടെ പ്രളയത്തിന് ധാർമ്മികമായ സൂചനയാണ് നൽകിയിട്ടുള്ളത്. മനുഷ്യരുണ്ടാക്കിയ മാലിന്യങ്ങളെല്ലാം കഴുകിക്കളഞ്ഞ് ഭൂമിയെ പുതുക്കിപ്പണിയുന്നതാണ് പ്രളയമെന്ന് ഈ കഥകൾ പറയുന്നു. പാപികളായ മനുഷ്യരെ ശിക്ഷിക്കാനാണ് പ്രളയം സൃഷ്ടിക്കപ്പെടുന്നത്. പ്രളയം പക്ഷെ പാപികളെമാത്രമല്ല മനുഷ്യകുലത്തെയാകെ നശിപ്പിക്കും. മനുഷ്യരെ തീർത്തും നിസ്സഹായരാക്കുന്നതാണ് പ്രളയം. പ്രളയവും നോഹയുടെ പെട്ടകവും കഥാപാത്രങ്ങളായി വരുന്ന ചില ആധുനിക നോവലുകളുണ്ടത്രേ. അവയിൽ ഒന്നിൽ നോഹ അപക്വമതിയായ ഒരു കഥാപാത്രമായി വരുകയും ദൈവത്തിന്റെ പ്രവൃത്തികളെ ചോദ്യം ചെയ്യുകയും ചെയ്യുന്നതായി പറയുന്നുണ്ട്. കെ. ടി. യുടെ നാടകത്തിലുമുണ്ട് അതേതരത്തിലുള്ള ഒരു കഥാപാത്രം. സേതുവിനെക്കുറിച്ച് നാടകകൃത്ത് നൽകുന്ന വിശദീകരണംതന്നെ ഇത്തരത്തിലാണ്. സേതുവിന്റെ പെരുമാറ്റം അപക്വമാണ്. എന്നാൽ അവനാണ് കാര്യങ്ങൾ മുൻകൂട്ടി കാണാനുള്ള ശേഷിയുള്ളത്. സുബൈദയോട് സുനിതയായി അഭിനയിക്കാനും ജാനകിയമ്മയെ രക്ഷിക്കാനും ആവശ്യപ്പെടുന്നത് സേതുവാണ്. സേതുവിന്റെ അപക്വമായ ഈ നിർദ്ദേശമാണ് നാടകത്തിൽ വഴിത്തിരിവാകുന്നത്. മുതിർന്നവരും പക്വമതികളുമെന്ന് കരുതുന്നവരുടെ പ്രവൃത്തികളെ സേതു തിരുത്തുന്നു. കിഴക്കുംപാടത്ത് ബണ്ട് കെട്ടാൻ രണ്ട് മതക്കാരും സമ്മതിക്കാതിരുന്നതുകൊണ്ടാണ് വെള്ളപ്പൊക്കമുണ്ടായത്. ഇക്കാര്യം ഗോവിന്ദൻ നായർ മകൻ സേതുവിനോട് വിശദീകരിക്കുന്നുണ്ട്.

ഗോവിന്ദൻ : മോനേ, കിഴ്ക്കുംപാടത്ത് ഒരു ബണ്ടുകെട്ടിയാൽ വെള്ളം ഇതുപോലെ കണ്ണും മൂക്കുമില്ലാതെ ഈ പ്രദേശത്തേക്ക് ഒഴുകില്ല. ഈ ഭാഗത്തുള്ളവർക്ക് അത്ര കുഴപ്പവുമുണ്ടാവില്ല. അന്ന് അവരൊക്കെക്കൂടി അങ്ങനെ ആലോചിച്ചപ്പോൾ എതിർത്തവരുടെ കൂട്ടത്തിൽ ഈ അച്ഛനും ഉണ്ടായിരുന്നു.

സേതു : അതെന്തിനാ അച്ഛനന്ന് എതിർത്തത്?

ഗോവിന്ദൻ : അമ്പലവും പള്ളിയും നിൽക്കുന്നത് താണഭാഗത്തല്ലേ--? ബണ്ടുകെട്ടിയാൽ രണ്ടും വെള്ളത്തിലായിപ്പോകും.

സേതു : എന്നുവെച്ചാൽ അവിടുത്തെ ദൈവങ്ങളൊക്കെ മുങ്ങിച്ചത്തുപോകുമെന്ന്

ഗോവിന്ദൻ : സേതു! മിണ്ടിപ്പോകരുത്. ദൈവങ്ങൾ മരിക്ക്യേ! സർവ്വശക്തരും സർവ്വവ്യാപികളുമാണവർ.

സേതു : അപ്പോപ്പിന്നെ അമ്പലവും പള്ളിയുമൊക്കെ അവിടെത്തന്നെ വേണമെന്ന് എന്തിനാ ഇത്ര വാശിപിടിക്കുന്നത്? പറയച്ഛാ മറുപടി.....ഈ അച്ഛന് ഒന്നിനുമില്ലൊരു മറുപടി.

ഗോവിന്ദൻ : നിന്നോട് തർക്കിക്കാനോ നിന്നെ പറഞ്ഞ് മനസ്സിലാക്കാനോ ഈ അച്ഛന് ഇപ്പോ വയ്യമോനേ, വയ്യ...

പക്വമതികളെന്ന് കരുതുന്നവരെ ഉത്തരം മുട്ടിക്കുകയാണ് ഇവിടെ സേതു. വാസ്തവത്തിൽ ഈ നാടകത്തിലെ കുട്ടി സേതുവാണെങ്കിലും ശൈശവത്തിന്റെ ചാപല്യം കാണിക്കുന്നവർ മുതിർന്നവരാണ്. വെള്ളപ്പൊക്കം മനുഷ്യപ്രകൃതങ്ങളെ കലക്കി മിറക്കുകയാണ് ചെയ്യുന്നത്. വെള്ളപ്പൊക്കത്തിൽ ശവശരീരങ്ങൾ വീട്ടിലേക്കൊഴുകിയെത്തുമ്പോഴും സ്വന്തം മതക്കാരെ രക്ഷിക്കാനുള്ള തോണിയന്വേഷിക്കുന്നവരായി അവർ അധഃപതിക്കുന്നു. എല്ലാ പ്രളയത്തിലും ദൈവം തെരഞ്ഞെടുക്കുന്ന ചിലരുണ്ടാകും. അവർ ദൈവത്തിന് പ്രിയപ്പെട്ടവരായിരിക്കും. ഈ നാടകത്തിലെ സേതു ഇപ്രകാരം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്. നോഹയും ഇപ്രകാരം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. നോഹയാണ് ദൈവത്തിന്റെ നിർദ്ദേശപ്രകാരം ഭൂമിയിലെ ജന്തുജാലങ്ങളേയും മനുഷ്യരേയും തന്റെ പെട്ടകത്തിൽ കയറ്റി രക്ഷിച്ചത്. നാടകത്തിൽ യഥാർത്ഥത്തിൽ ദൈവത്തിന്റെ സന്ദേശം ലഭിക്കുന്നത് സേതുവിനാണെന്ന് പറയാം. വെള്ളപ്പൊക്കത്തിന്റെ നിഗൂഢമായ അർത്ഥം വെളിപ്പെടുത്തുകയാണ് നാടകകൃത്തിന്റെ ലക്ഷ്യം.

പുനഃസൃഷ്ടിയുടെ സന്ദേശമാണ് ഓരോ വെള്ളപ്പൊക്കവും നൽകുന്നത്. നിലനിൽക്കുന്ന ഒന്നിനെ പൂർണ്ണമായും തകർത്ത് മറ്റൊന്ന് നിർമ്മിക്കാനുള്ള വെമ്പലാണ് പ്രളയത്തെ പ്രസക്തമാക്കുന്നത്. മതങ്ങൾകൊണ്ട് വെട്ടിപ്പിളർക്കപ്പെട്ട ഇന്ത്യയെ ഒരു പ്രളയത്തിലൂടെ കഴുകി വൃത്തിയാക്കാനാണ് കെ. ടി. യുടെ ആഹ്വാനം. തീർച്ചയായും ഇവ്വിധം പുനഃസ്ഥാപിക്കപ്പെടുന്ന ഒരു ഇന്ത്യയിൽ മതം മാറാതെത്തന്നെ വ്യത്യസ്ത വിശ്വാസങ്ങൾ പുലർത്തുന്നവർക്ക് ഒരു കൂരക്ക് കീഴിൽ അന്തിയുറങ്ങാനും ഒരു കുടുംബത്തിലെ അംഗങ്ങളായി ജീവിക്കാനും കഴിയും. ഉസ്മാൻ ഗോപിയോട് പറയുന്നത് നോക്കുക:

"ഉസ്മാൻ : കൊടുക്കെടാ കൈ. അമ്മ തരുന്നത് ഏറ്റുവാങ്ങിക്ക്. അമ്മ തരുന്നത് സുനിതയുടെ കയ്യായിരിക്കും. നീ ഞങ്ങളുടെ മുന്നിൽവെച്ച് ഏറ്റുവാങ്ങുന്നത് മതം മാറുകയോ മതം മാറ്റുകയോ ചെയ്യാത്ത സുബൈദയുടെ കയ്യായിരിക്കും."

ഉസ്മാന്റെ പെരുമാറ്റം കണ്ട് അവന്റെ പിതാവ് ചോദിക്കുന്നത് അവന് പിരാന്ത് പിടിച്ചോ എന്നാണ്. അതിന് മറുപടിയായി തനിക്ക് ഭ്രാന്താണെന്ന് ഉസ്മാൻ സമ്മതിക്കുന്നു. തനിക്ക് മാത്രമല്ല

പ്രകൃതിക്കുതന്നെ ഇക്കൂട്ടരുടെ ധാർഷ്ട്യം കണ്ട് ഭ്രാന്തായിപ്പോയെന്ന് അയാൾ പറയുന്നുണ്ട്. ഭ്രാന്ത് മനുഷ്യർക്ക് സംഭവിക്കുന്നതാണെങ്കിൽ വെള്ളപ്പൊക്കം പ്രകൃതിക്ക് സംഭവിച്ച ഭ്രാന്താണ്. നാടകത്തിൽ ജാനകിയമ്മക്കാണ് ഭ്രാന്ത് പിടിക്കുന്നത്. എന്നാൽ അവർ ഗോപിയുടേയും സുബൈദയുടേയും വിവാഹം കഴിയുന്നതോടെ അവരുടെ ചിരകാലമായ അഭിലാഷം സഫലമാകുന്നതും ഒരു പുതുജീവിതം പുലരുന്നതും സ്വപ്നം കാണുന്നു. സ്ത്രീയിലാണ് ഈ ദുരന്തത്തിനിടയിലും നിർമ്മാണാത്മകമായ ഭാവനയുള്ളതെന്ന് കാണാം. പ്രകൃതി ഭൂമിയെ പ്രളയത്തിലൂടെ ശുദ്ധീകരിക്കുമ്പോൾ സ്ത്രീ അവളുടെ കർമ്മത്തിലൂടെ മനുഷ്യസമൂഹത്തെ ശുദ്ധീകരിക്കുന്നു. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ മറ്റൊരു സങ്കൽപ്പമാണ് ഈ സദൃശനിർമ്മിതിയിലൂടെ സാധിതമാകുന്നത്. സാമാന്യമായി വംശീയമായ കലർപ്പുണ്ടാകുമ്പോഴാണ് പുരാവൃത്തങ്ങളിൽ പ്രളയം ഉണ്ടാകുന്നത്. എന്നാൽ ഈ നാടകത്തിൽ രക്തശുദ്ധിയുടെ പേരിൽ കലഹിക്കുന്നവരോട് രക്തങ്ങൾ തമ്മിൽ കലർത്തിയാണ് ജാനകിയമ്മ പരിഹാരം നിർദ്ദേശിക്കുന്നത്. പ്രാചീനമനുഷ്യർക്ക് വംശീയശുദ്ധി ഉയർന്ന മൂല്യമാണെങ്കിൽ ആധുനിക കാലത്ത് വംശങ്ങൾ തമ്മിലുള്ള കലർപ്പാണ് നൻമ. ആ കലർപ്പിനാണ് ജാനകിയമ്മ നേതൃത്വം നൽകുന്നത്.

ഡിസ്ടോപ്പിയൻ ഭാവനയുടെ പിറകിൽ ഒരു യുട്ടോപ്പിയയുണ്ട്. ഒരാദർശാത്മക സമൂഹം നിർമ്മിച്ചെടുക്കാൻ കഴിയാത്തതിലുള്ള വേദനയും അമർഷവുമാണ് ഈ തകർച്ചയുടെ ചിത്രീകരണത്തിനുപിറകിൽ. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ആദ്യദശകങ്ങൾ പ്രതീക്ഷയുടെ കാലമായിരുന്നു. ഈ പ്രതീക്ഷയിൽനിന്നാണ് കൂട്ടുകൃഷി എന്ന നാടകമുണ്ടാകുന്നത്.

"ശ്രീധരൻ നായർ : നമുക്ക് കാക്കാം. ക്ഷമയോടും ഒരുമയോടും കൂടി നമുക്ക് കാക്കാം. ഇന്നീ കൂട്ടുകൃഷിയിലുണ്ടായ സമൃദ്ധി പോലെ അടുത്ത പുകിലിൽ നാം സമൃദ്ധമായ ഒരു പുതിയ തലമുറയെ വിളയിക്കും. (സുകുമാരനും ആയിഷയും നെടുവീർപ്പിടുന്നു. അവരെ മറ്റുള്ളവർ ഒന്നിച്ച് നോക്കുന്നു. അവർ രണ്ടാളും മുഖം താഴ്ത്തുന്നു. )

അബൂബക്കർ : ( ആ യുവാവിനേയും മകളേയും മാറി മാറി നോക്കി, ഭക്തി പൂർവ്വം) പടച്ചോനേ ഇനി ഇതിനെന്താ ബഴി?"

എന്ന സംഭാഷണത്തോടെയാണ് ഇടശ്ശേരിയുടെ കൂട്ടുകൃഷി അവസാനിച്ചത്. നായരും പുലയനും മാപ്പിളയും ഒരുമിച്ച് കൃഷിചെയ്ത് ഒരു കുടുംബമായി മാറുന്ന ഭാവി ഇന്ത്യയെക്കുറിച്ചുള്ള ഒരു യുട്ടോപ്പിയയാണ് ആ നാടകത്തിൽ അവതരിപ്പിക്കപ്പെട്ടത്. 1950ലാണ് കൂട്ടുകൃഷി പ്രസിദ്ധീകരിക്കപ്പെട്ടത്. എന്നാൽ 2003ൽ വെള്ളപ്പൊക്കം എഴുതുമ്പോൾ കെ. ടി. ക്ക് അത്തരം പ്രതീക്ഷകളൊന്നുമില്ല. തകർന്നടിയുന്ന ബാബറിപ്പള്ളിയും ഗുജറാത്തിൽ എരിഞ്ഞടങ്ങിയ വാലി ഗുജറാത്തിയുടെ സ്മാരകവും കെ. ടി. യെ ആകെ തകർത്തുകാണണം. 2018ൽ നാം ജീവിക്കുന്ന

ഇന്ത്യയിൽ ഇടശ്ശേരിയും കെ. ടി. മുഹമ്മദും ഇല്ല. പക്ഷെ ഒരു കാര്യം നാം ഞെട്ടലോടെ അറിയുന്നു. ഇന്ത്യ തെരഞ്ഞെടുത്തത് ഇടശ്ശേരിയുടെ യുട്ടോപ്പിയൻ വഴിയല്ല. കെ. ടി. ഭയപ്പെട്ടതുപോലെ പാപത്തിന്റെ വഴിയിലൂടെയാണ് നാം അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്നത്. ഹിംസയുടേയും വെറുപ്പിന്റേയും ഭയത്തിന്റേയും ഇന്ത്യയിൽ ഏറെ വൈകാതെ സംഭവിച്ചേക്കാവുന്ന മഹാദുരന്തത്തിന്റെ മുന്നറിയിപ്പായി വെള്ളപ്പൊക്കം നമുക്കുമുന്നിൽ പനിച്ച് പൊള്ളുകയാണ്. ഇന്ത്യാ വിഭജനത്തിന്റേയും ഗാന്ധിവധത്തിന്റേയും മായാത്ത ഓർമ്മകൾ ഈ നാടകത്തിലുണ്ട്. ഗുജറാത്തിൽ അഗ്നിക്കിരയായ ഗർഭസ്ഥ ശിശുവിന്റെ രോദനം ഇതിൽ കേൾക്കാം. അഖ്‌ലാക്കും ജുനൈദും നീതിക്കായി കേഴുന്ന ആയിരങ്ങളും ഈ നാടകത്തിലെ കഥാപാത്രങ്ങളാണ്. ഇനിയും ഇതിൽ അണിചേരാൻ എത്ര പേരുണ്ടാകും? മതത്തിന്റെ പേരിൽ മാത്രം കൊലചെയ്യപ്പെട്ട അനേകായിരം ആത്മാക്കൾ ഇന്ത്യയെ പൊതിയുകയാണ്. ഒരു മഹാപ്രളയം തീർത്ത് അവർ നമ്മെ ചൂഴുകയാണ്. വെള്ളപ്പൊക്കത്തിലെ പരമേശ്വരനേയും അവറാനേയും കുഞ്ഞാലി ഹാജിയേയും പോലെ യാഥാസ്ഥികത്വം തലക്ക് പിടിച്ചവരല്ല ഇന്നത്തെ വർഗ്ഗീയവാദികൾ. അവർ ഹിംസയുടെ വഴിയിലൂടെ അപരനെ ഇല്ലാതാക്കുന്നവരാണ്. അപരന്റെ സാന്നിദ്ധ്യമില്ലാത്ത ആത്മങ്ങളായി അവർ അധഃപതിച്ചിരിക്കുന്നു. ഗോവിന്ദനെപ്പോലെ മാറാൻ ശേഷിയുള്ള മനുഷ്യരെ നാം കാണുന്നില്ല. എല്ലാവരും യന്ത്രങ്ങളെപ്പോലെ മുൻകൂട്ടി തയ്യാറാക്കപ്പെട്ട പ്രോഗ്രാമിനനുസരിച്ച് ചലിക്കുന്നവരാണ്. വർഗ്ഗീയവാദിയായ ഒരാൾ ഒരു ഓട്ടോമാറ്റിക് യന്ത്രമാണ്. അപരന്റെ വാക്കുകൾക്കോ നിലവിളികൾക്കോ അവരെ മാറ്റാൻ കഴിയില്ല. ഈ യന്ത്രമനുഷ്യരെ നോക്കി കെ. ടി. ക്ക് ശപിക്കാനല്ലാതെ എന്ത് ചെയ്യാൻ കഴിയും? എഴുത്തുകാരന്റെയും സൗന്ദര്യശാസ്ത്രത്തിന്റേയും പരാജയം പ്രഖ്യാപിക്കൽ കൂടിയാണ് വെള്ളപ്പൊക്കം. കാതടപ്പിക്കുന്ന ഇടിയുടെ ശബ്ദത്തിൽ എല്ലാം നിശ്ചലമാകുന്നിടത്താണ് നാടകം അവസാനിക്കുന്നത്.

യുട്ടോപ്പിയ കിനാവാണെങ്കിൽ ഡിസ്ടോപ്പിയ പേക്കിനാവാണ്. വാസ്തവത്തിൽ നാം ജീവിക്കുന്ന ലോകത്തിന്റെ യാഥാർത്ഥ്യങ്ങൾ എത്രമാത്രം പരിമിതപ്പെട്ടിരിക്കുന്നുവെന്ന് നമ്മെ ബോധിപ്പിക്കുകയാണ് ഇവ ചെയ്യുന്നത്. ഒന്ന് ആദർശാത്മകമായി നമ്മെ പ്രലോഭിപ്പിക്കുമ്പോൾ മറ്റൊന്ന് നമ്മെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ആന്തരികമായ ജീർണ്ണതകളിലേക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. സ്ഥല-കാലങ്ങളുമായി ഡിസ്ടോപ്പിയ നേർക്കുനേർ ബന്ധം പുലർത്തുന്നില്ല. അത് കൽപ്പിത സ്ഥല-കാലങ്ങളിൽ നടക്കുന്ന കഥയാണ്. ഡിസ്ടോപ്പിയൻ ആഖ്യാനത്തിൽ  ചരിത്രസംഭവങ്ങളില്ല. എന്നാൽ അതിൽ ചരിത്രത്തെ വിലയിരുത്താനുള്ള ശ്രമമുണ്ട്. അതുകൊണ്ടുതന്നെ ചരിത്രപരമായ വസ്തുതയുമായല്ല, ചരിത്രത്തിന്റെ ധാർമ്മിക യുക്തികളുമായാണ് ഡിസ്ടോപ്പിയക്ക് കടപ്പാട്. വെള്ളപ്പൊക്കത്തിലെ കഥ തീർത്തും കൽപ്പിതമായ ഒരു ദേശത്താണ് നടക്കുന്നത്. അതിൽ പരാമർശിക്കുന്ന സംഭവങ്ങൾക്കൊന്നും ചരിത്രപരതയില്ല. എന്നാൽ ഇന്ത്യയുടെ സാമൂഹ്യചരിത്രത്തിന്റെ വിമർശനം ആ നാടകത്തിലുണ്ട്.

സമകാല സാഹിത്യത്തിൽ ഡിസ്ടോപ്പിയയുടെ ഗ്ലോബൽ രൂപങ്ങൾ അവതരിപ്പിക്കപ്പെടാറുണ്ട്. തകരുന്ന പ്രകൃതി, അമിതമായ ഉപഭോഗാസക്തി, വംശീയ യുദ്ധങ്ങൾ, ഭരണകൂട ഭീകരത, അമിതമായ സാങ്കേതിക വിദ്യ എന്നിവയെല്ലാം മനുഷ്യരെ ഇരയാക്കിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മനുഷ്യരുടെ മാത്രമല്ല പ്രകൃതിയുടെ തന്നെ ഭാവി എന്ത് എന്ന് ചോദിക്കുന്ന പുതിയ എഴുത്തുകൾ രൂപപ്പെടുന്നുണ്ട്. കെ. പി. രാമനുണ്ണിയുടെ ദൈവത്തിന്റെ പുസ്തകത്തിൽ ഇതിനുള്ള ദൃഷ്ടാന്തമുണ്ട്. കുട്ടിശ്ശങ്കരനും ഹസ്സൻ കുട്ടിയും പ്രപഞ്ചത്തെ വിഴുങ്ങാൻ ശേഷിയുള്ള തമോഗർത്തം കണ്ടെത്തിയത് ലോകത്തോട് വിളിച്ചു പറഞ്ഞാൽ മാലോകർ എങ്ങനെയായിരിക്കും പ്രതികരിക്കുക എന്ന് നോവലിസ്റ്റ് ഭാവനയിൽ കണ്ട് എഴുതാൻ ശ്രമിക്കുന്നുണ്ട്. ലോകാവസാനം മനുഷ്യരിൽ ഭയം ജനിപ്പിക്കുകയും അവരെ ധാർമ്മികമായ ജീവിതത്തിലേക്ക് നയിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുമെന്നാണ് നാം പ്രതീക്ഷിക്കുക. എന്നാൽ ഇനിയൊന്നും ബാക്കിയില്ല എന്നതുകൊണ്ട് ഹിംസാത്മകമായി തങ്ങളുടെ ജീവിതത്തെ ആഘോഷിച്ച് തീർക്കുന്നവരെയാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്.

“അതാ നഗരങ്ങളിലെ വിദ്യാസമ്പന്നരിൽനിന്ന് ഗ്രാമീണരിലേക്കും ഗ്രാമീണരിൽനിന്ന് നാടോടികളിലേക്കുംവരെ ലോകാവസാനത്തെക്കുറിച്ചുള്ള വിവരം പരക്കുന്നു. കുട്ടിശ്ശങ്കരന്റേയും ഹസ്സൻ കുട്ടിയുടേയും തീസീസിലുള്ള തുടർഗവേഷണങ്ങൾ ഭൂമിയുടെ നാശം ഏറിയാൽ എട്ടോ ഒമ്പതോ മാസത്തിനുള്ളിൽ സംഭവിക്കുമെന്ന് തിട്ടപ്പെടുത്തുന്നു. എന്നാൽ രാഷ്ട്രങ്ങളുടെ ഭരണകൂടങ്ങൾ മുഴുവനും മഹാദുരന്തത്തെക്കുറിച്ച് ഔദ്യോഗികമായ മൗനം പാലിക്കുന്നു.--------

അതാ ആദ്യം യൂറോപ്പിലെ മർക്കന്റയിൻ ബാങ്കിലും തുടർന്ന് സിറ്റി ബാങ്ക്, ഐ. സി. ഐ. സി. ഐ. , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവിടങ്ങളിലും കനത്ത ഡെപ്പോസിറ്റ് വിത്ഡ്രോവലുകൾ നടക്കുന്നു. റിയൽ എസ്റ്റേറ്റിന്റേയും ഹൗസ് കൺസ്ട്രക്ഷന്റേയും ഫർണ്ണീച്ചറിന്റേയും മേഖലകളിൽ ബിസിനസ്സ് പൊടുന്നനെ ഇടിയുന്നു. സ്വർണ്ണമാർക്കറ്റ് തകർന്ന് റോൾഡ് ഗോൾഡ് വ്യാപാരം പൊടിപൊടിക്കുന്നു. എച്ച്. ഐ. വി. ക്കുള്ള വിലകൂടിയ മരുന്നുകളുടെ വിൽപ്പന സ്തംഭിക്കുന്നു. വയാഗ്ര, എഡിഗ്ര, തടാലഫിൽ തുടങ്ങിയ ഡ്രഗ്ഗുകളുടെ അതിഭീകര ഓർഡറുകളാൽ അതുൽപ്പാദിപ്പിക്കുന്ന കമ്പനികൾ കുഴങ്ങുന്നു. മദ്യവിൽപ്പന സകല രാജ്യങ്ങളിലും സർവ്വകാല റെക്കോർഡുകൾ ഭേദിക്കുന്നു. അതാ കൊള്ളകളും മോഷണങ്ങളും പിടിച്ചുപറികളും കുതിച്ച് കയറുന്നു. കമ്പനി പിടിച്ചെടുക്കാനും സ്വത്ത് കൈവശപ്പെടുത്താനും ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന കൊലകളുടെ സ്ഥാനത്ത് ഓർക്കാപ്പുറത്തും വിശദീകരണം നൽകാത്തതുമായ വധങ്ങൾ പെരുകുന്നു. സുഹൃത്തുക്കളും വേണ്ടപ്പെട്ടവരുമായി നടന്നിരുന്നവർ പരസ്പരം കൊല്ലുന്നു.”

ഈ വിവരണം നീണ്ടുപോകുകയാണ്. ലോകം അവസാനിക്കാറായി എന്ന വിവരം മനുഷ്യരുടെ നില തെറ്റിക്കുന്നതിന്റെ കാഴ്ചയാണ് രാമനുണ്ണിയുടെ നോവലിലുള്ളത്. മനുഷ്യരുടെ മുഖത്ത്

പൂച്ച, എലി, മുയൽ തുടങ്ങിയ ജന്തുക്കളുടെ ഛായ പടരുന്നതായും നോവലിസ്റ്റ് പറയുന്നുണ്ട്. ഭൂതവും വർത്തമാനവുമില്ലാത്ത ഒരു സമൂഹം മാനവികത നഷ്ടപ്പെട്ട ഒരു സമൂഹമായിരിക്കും. അപ്പോഴത്തെ ഭക്ഷണം, അപ്പോഴത്തെ വിസർജ്ജനം, അപ്പോഴത്തെ മൈഥുനം, അപ്പോഴത്തെ ഉറക്കം എന്നിങ്ങനെ വർത്തമാനത്തിൽ മാത്രം ജീവിക്കുന്ന -ഓർമ്മകളോ സ്വപ്നങ്ങളോ ഇല്ലാത്ത -മനുഷ്യർ സ്വന്തം പ്രകൃതത്തിൽനിന്ന് പുറന്തള്ളപ്പെട്ടവരാണ്. ഈ അവസ്ഥ ഒരു ഡിസ്ടോപ്പിയൻ അവസ്ഥയാണ്. ഈ അവസ്ഥയുടെ അന്ത്യമെന്തായിരിക്കുമെന്ന ചോദ്യം രാമനുണ്ണിയും ഉയർത്തുന്നുണ്ട്. അത് വെള്ളപ്പൊക്കത്തിൽ കണ്ടതുപോലെ പ്രളയം തന്നെയായിരിക്കുമെന്ന് അദ്ദേഹം അനുമാനിക്കുന്നു. നോവലിന്റെ അവസാനം പ്രളയത്തിൽ കഴുകി വൃത്തിയാക്കപ്പെട്ട ഭൂമിയുടെ ചിത്രം നോവലിസ്റ്റ് വരച്ചിടുന്നുണ്ട്. നോഹയുടെ പെട്ടകത്തിന് സമാനമായ ഒരു തോണിയിൽ കൃഷ്ണനും നബിയും യാത്രചെയ്യുന്നുണ്ട്. ഭൂമിയിലെ വിശുദ്ധ ജൻമങ്ങളെല്ലാം ആ തോണിയിൽ കയറിപ്പറ്റുന്നുണ്ട്. മാത്രമല്ല നബിയും കൃഷ്ണനും പരസ്പരം സഹോദരങ്ങളായി തിരിച്ചറിയുന്നുവെന്നും അവർ സ്ത്രൈണമനസ്ക്കരായിത്തീരുന്നുവെന്നും നോവലിസ്റ്റ് സൂചിപ്പിക്കുന്നു. ഈ 'സ്ത്രൈണമനസ്കത' വെള്ളപ്പൊക്കത്തിലെ ജാനകിയമ്മയുടെ ഉൻമാദത്തിന് സമാനമായ ഒന്നാണ്.

ഇന്ത്യാ വിഭജനത്തിനുശേഷം നവഖാലിയിലും ബീഹാറിലും മനുഷ്യർ പരസ്പരം കൊന്നുതീർക്കുമ്പോൾ ഗാന്ധിജി ആ തെരുവുകളിലൂടെ ദുഖാർത്തനായി നടന്നു. അദ്ദേഹം മരിച്ചുപോയ മനുഷ്യരുടെ അസ്ഥികളോടാണ് സംസാരിച്ചത്. തകർന്ന വീടുകളും ചുമരിനോട് ഒട്ടിപ്പോയ മാംസശകലങ്ങളും അദ്ദേഹത്തോട് സംസാരിച്ചുകൊണ്ടേയിരുന്നു. സ്ത്രീകളുടേയും അനാഥരായ കുട്ടികളുടേയും ശിഥിലമായ കണ്ണുകളെ അഭിമുഖീകരിക്കാനാവാതെ ആ മഹാത്മാവ് സ്വയം ശപിച്ചു. ബീഹാറിലെ ഒരു തെരുവിൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന ഒരു ഹിന്ദു, മുസ്ലീങ്ങളുടെ ദുരിതാശ്വാസ ക്യാമ്പിലേക്ക് നാലണ സംഭാവന ചെയ്തത് മാതൃകയാക്കാൻ ഗാന്ധിജി എല്ലാവരോടും അഭ്യർത്ഥിച്ചു. വെള്ളപ്പൊക്കത്തിലെ സേതുവിനെപ്പോലെ അപക്വമതിയെന്ന് സമൂഹം മുദ്രകുത്തിയ ഒരു യാചകനാണ് സമൂഹത്തിന് വഴികാട്ടിയെന്ന് ഗാന്ധിജിക്ക് ബോധ്യപ്പെട്ടു. ഗാന്ധിയൻ മാതൃക പിൻപറ്റുന്നവരാണ് വെള്ളപ്പൊക്കത്തിലെ ഉസ്മാനും ഗോപിയും. നവഖാലിയിൽ അസ്ഥികളാണ് ഗാന്ധിജിയോട് സംസാരിച്ചതെങ്കിൽ വെള്ളപ്പൊക്കത്തിൽ ശവങ്ങളാണ് ജീവിച്ചിരിക്കുന്നവരോട് സംസാരിക്കുന്നത്. ജിന്നയെ ഇന്ത്യയുടെ പ്രധാനമന്ത്രിയാക്കിക്കൊണ്ടുള്ള നിർദ്ദേശം മുന്നോട്ടുവെച്ച് ഗാന്ധി വിഭജനം ഒഴിവാക്കാൻ ശ്രമിച്ചു. പക്ഷെ ഒന്നും നടന്നില്ല. രക്തപ്രളയം മാത്രമായിരുന്നു ഒടുവിൽ സംഭവിച്ചത്. പരിപൂർണ്ണമായ ഒരു ഡിസ്ടോപ്പിയൻ ഗാഥയായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരം. ആ ഗാഥയിലെ പരാജിതരുടെ കയ്യൊപ്പ് പതിഞ്ഞ നാടകമാണ് വെള്ളപ്പൊക്കം.